# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന് ഏനാദിമംഗലം സി.എച്ച്.സി.യുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനും തനത് ഫണ്ടിൽ നിന്നും കൺസൾട്ടന്റ് ഫീസ് നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2505/2016/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 23/08/2016**

---

പരാമർശം:- (1) 13.10.2015 ലെ സ.ഉ.(സാധാ)നം.3117/2015/തസ്വഭവ നമ്പർ ഉത്തരവ്.
(2) പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 27.06.2016 ലെ പി3/1175/2015 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ തയ്യാറാക്കുന്നതിനുവേണ്ടി കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ ആവശ്യ പ്രകാരം ജില്ലാ തലത്തിലുള്ള കൺസൾട്ടന്റുമാരുടെ താഴെപ്പറയുന്ന ഒരു പാനൽ രൂപീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിലെ ഏനാദിമംഗലം സി.എച്ച്.സി.യുടെ സമഗ്രവികസനത്തിനായി ലക്ഷ്യമിടുന്ന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് M/s Ansons Group നെ നിശ്ചയിക്കുന്നതിന് അനുമതി നൽകണമെന്നും ഇതിലേയ്ക്കായുള്ള കൺസൾട്ടൻസി ഫീസ് തനത് ഫണ്ടിൽ നിന്നും വകയിരുത്തുന്നതിന് അനുമതി നൽകണമെന്നും പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

| Name of Districts & Panel of Architects/Engineers/Town Planners | | | | | |
|---|---|---|---|---|---|
| **Sl. No.** | **Trivandrum** | **Ernakulam** | **Kottayam** | **Palakkad** | **Calicut** |
| 1 | M/s GITPAC International | M/s KITCO Ltd. | M/sAnsons Group | M/s Structure India Ltd. | M/s Jose & JJ Architects |
| 2 | M/s B.CONS Ltd. | Mr.Ajith Augustine | - | Mr.Ajith Kaliyath | Mr.Asok Putiyan |
| 3 | - | M/s MIR Projects | - | - | - |
| | | | | | |

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏനാദിമംഗലം CHC യുടെ സമഗ്രവികസനത്തിന് മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതിനായി പറക്കോട് ബ്ലോക്ക് പഞ്ചായത്തിന് പരാമർശം (1) ഉത്തരവിലെ കൺസൾട്ടന്റുമാരിൽ നിന്നും ഉചിതമായ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനും, തനതു ഫണ്ടിൽ നിന്നും കൺസൾട്ടന്റ് ഫീസ് നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി. എം**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത്, പറക്കോട് (പി.ഒ), പത്തനംതിട്ട ജില്ല – 691 554.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ഡി.ഡി.) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**